**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5628 02.07.2019 ലെ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന രോഗികളുടെ ചികിത്സ**

| | **ചോദ്യം**<br><br>**ശ്രീ. സി.കൃഷ്ണൻ** | | **മറുപടി**<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് വൃക്ക മാറ്റിവയ്ക്കൽ ചികിത്സയ്ക്ക് മന്ത്രിയുടെ ചികിത്സാസഹായനിധിയിൽ നിന്നും എത്ര രൂപയാണ് പരമാവധി അനുവദിക്കുന്നത്; | എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് വൃക്ക മാറ്റിവയ്ക്കൽ ചികിത്സയ്ക്കായി പരമാവധി 1,00,000/-രൂപ (ഒരു ലക്ഷം) വരെ മന്ത്രിയുടെ ചികിത്സാ സഹായനിധിയിൽ നിന്നും അനുവദിക്കുന്നു.<br>എന്നിരുന്നാലും രോഗി ചികിത്സ യിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ടി തുകയോ സർക്കാർ അനുമതിയുടെ അടിസ്ഥാന ത്തിൽ കൂടുതൽ തുകയോ (ആവശ്യമാണെങ്കിൽ) അനുവദിക്കുന്നുണ്ട്. |
| ബി) | ഇതിന് വരുമാനപരിധി നിലവിലുണ്ടോ;ഉണ്ടെങ്കിൽ എത്ര; | ബി) | ഉണ്ട്. വരുമാന പരിധി 1,00,000/-രൂപയാണ് |
| സി) | വൃക്ക മാറ്റിവയ്ക്കൽ ചികിത്സക്ക് മുഖ്യമന്ത്രിയുടെ ചികിൽസാസഹായം ലഭിച്ച രോഗിക്ക് വകുപ്പ് മന്ത്രിയുടെ ചികിത്സാനിധിയിൽ നിന്നും സഹായം അനുവദിക്കുമോ; | സി) & ഡി) | വൃക്ക മാറ്റിവയ്ക്കൽ പോലെ ഗുരുതരമായ രോഗം ബാധിച്ച പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ബഹു.മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായം ലഭിച്ചാലും ബഹു.വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. |
| ഡി) | അനുവദിക്കില്ലെങ്കിൽ വൃക്ക മാറ്റിവയ്ക്കൽ പോലുള്ള കൂടുതൽ ചെലവ് വരുന്ന ചികിത്സകൾക്ക് കൂടുതൽ ധനസഹായം അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**